# മന്നാൻ കൂത്ത് ഉല്പത്തി-ചരിത്രം-ഇതിവൃത്തം


വിജീഷ് എം.എ.

ഗവേഷകൻ, മലയാളവിഭാഗം, ദേവമാതാ കോളേജ്, കുറവിലങ്ങാട്


ഗോത്രവർഗ്ഗങ്ങളുടെ സാമൂഹിക ജീവിതത്തെയും സാംസ്കാരികരീതികളെയും ആഴത്തിൽ അടയാളപ്പെടുത്തുന്ന അകൃത്രിമമായ ആവിഷ്കാരമാണ് ഗോത്രകലകൾ. താളരാഗനിബദ്ധമായ ഇവ സുന്ദരവും ആസ്വാദ്യകരവുമാണ്. കൂട്ടായ പങ്കാളിത്തത്തോടെ അരങ്ങിലെത്തുന്ന ഇത്തരം പ്രകടനങ്ങൾക്ക് വർഗ്ഗബോധത്തിലൂന്നിയിട്ടുള്ള വൈകാരികാംശം തെളിഞ്ഞു കാണാം. വാമൊഴി വഴക്കത്തിലൂടെ തനിമയും ലാളിത്യവും സംരക്ഷിച്ചുകൊണ്ട് ആചാരാനുഷ്ഠാനങ്ങൾ, ഗോത്രവഴക്കങ്ങൾ, ജീവിതരീതി എന്നിവയെപ്പോലെതന്നെ കലാരൂപങ്ങളും തലമുറകളായി കൈമാറ്റം ചെയ്യപ്പെടുന്നു.

അക്ഷരജ്ഞാനമില്ലാത്തവരുടെ സമൂഹത്തിൽ അവരുടെ അന്തർഗതങ്ങളും അനുഭവങ്ങളും ആട്ടങ്ങളിലൂടെയും പാട്ടുകളിലൂടെയുമാണ് ആവിഷ്കരിക്കുന്നതും പ്രസരിപ്പിക്കുന്നതും. ആ കലാരൂപങ്ങൾ അകൃത്രിമങ്ങളാണ്. അതേസമയം അവ സ്വാഭാവിക പരിണാമങ്ങൾക്കു വിധേയവുമാണ്. അങ്ങനെയുള്ള പരിണാമത്തിന്റെ ദശാസന്ധികളിലൂടെ പിറകോട്ടുപോയാൽ അതിൽനിന്നും ലഭിക്കുന്ന തെളിവുകളും സൂചനകളും അതാത് സമൂഹത്തിന്റെ ഘടനയേയും ക്രമാനുഗതമായ വളർച്ചയെയുംകുറിച്ച് മനസ്സിലാക്കാൻ പര്യാപ്തമാകും. നിലവിലുള്ള സാഹചര്യത്തിനടിസ്ഥാനപ്പെട്ട് ഗോത്രകലകളിൽ കാലോചിതമായ മാറ്റങ്ങൾ പ്രകടമാണ്. അവതരണം, സാഹിത്യം, ഭാഷാശൈലി എന്നിവയ്ക്ക് വന്നിട്ടുള്ള വ്യതിയാനങ്ങൾ കലയുടെ അന്തഃസത്തയെ ബാധിക്കുന്നുമുണ്ട്. അതായത് കലയ്ക്ക് വന്നിട്ടുള്ള അപചയസാധ്യതകൾകൂടി പരിഗണിച്ചെങ്കിൽ മാത്രമേ ഗോത്രകലാവടിവുകളുടെ പഠനത്തിന് പൂർണ്ണതയുണ്ടാവൂ.

ഇടുക്കി ജില്ലയിലെ ഗോത്രവർഗ്ഗ കലാവിഷ്കാരങ്ങൾ പരിശോധിച്ചാൽ ആചാരാനുഷ്ഠാനങ്ങളിൽ അധിഷ്ഠിതമായി പ്രാധാന്യത്തോടെ വർത്തിച്ചുപോരുന്ന വിശിഷ്ട ആദിവാസി കലാവിഷ്കാരമാണ് മന്നാൻകൂത്ത്. ജീവിതത്തിന്റെ നൈസർഗ്ഗിക പ്രകടനം മാത്രമല്ല ഗോത്രജനതയെ സമൂഹശ്രേണിയിലേക്ക് ബന്ധിപ്പിക്കുന്ന ചാലകശക്തികൂടിയാണിത്.

## മന്നാൻകൂത്ത്

നാടകം, കളി, വിളയാട്ടം എന്നിങ്ങനെയുള്ള അർത്ഥത്തിൽ കൂത്ത് അറിയപ്പെടുന്നു. പ്രത്യേകം തയ്യാറാക്കിയ ഇടത്ത് അവതരിപ്പിക്കുന്ന കലയെന്ന സാമാന്യാർത്ഥത്തിൽ ഇതിനെ വിലയിരുത്താം. പ്രാക്തനജനതയുടെ സമൂഹസമന്വയമെന്ന നിലയ്ക്ക്

വർഗ്ഗവൈവിധ്യത്തോടെയുള്ള അവതരണമാണ് മന്നാൻകൂത്തിനുള്ളത്. വിളവെടുപ്പിനു ശേഷമുള്ള കുംഭം, മീനം, മേടം എന്നീ മാസങ്ങളിൽ നടത്താറുള്ള ഉത്സവങ്ങളുടെ ഭാഗമായും മരണം, വിവാഹം എന്നീ വിശേഷങ്ങൾക്ക് മുന്നോടിയായും അവർ കൂത്ത് അവതരിപ്പിക്കുന്നു. 'നാടോടി കലകളുടെ അവതരണം രണ്ടു തരത്തിലാണ് പൊതുവെ നടന്നുവരാറുള്ളത്. സ്വഭാവിക സന്ദർഭത്തിലുള്ളതും (Natural Context) സ്വാഭാവിക പശ്ചാത്തലമില്ലാതെ അവതരിപ്പിക്കുന്നതും (Induced) അനുഷ്ഠാനഗന്ധിയായ ഒരു കലാരൂപം അതിന്റെ സ്വാഭാവിക പശ്ചാത്തലത്തിൽ അവതരിപ്പിക്കുമ്പോഴുള്ള അനുഭവം രണ്ടാമത്തേതിൽ ലഭിക്കുന്നില്ല. ഔപചാരിക അവതരണമാണ് രണ്ടാമത്തെയെന്നതിനാൽ കൃത്രിമത്വം അതിൽ കണ്ടെന്നിരിക്കും'.[1] പാരമ്പര്യാധിഷ്ഠിതമായി കൂത്ത് അവതരിപ്പിക്കുന്ന മാസങ്ങളിൽ രാത്രികാലം സ്വതേ നിലാവെളിച്ചം ഉണ്ടായിരിക്കും. പ്രകൃതിയോടിണങ്ങി ജീവിക്കുന്ന ജനത ഈ മാസങ്ങൾ തിരഞ്ഞെടുത്തത് സ്വഭാവിക സന്ദർഭത്തിലാണ്. സമുദായത്തിലെ പ്രഗത്ഭരായ കൂത്ത് കലാകാരന്മാരാണ് ഇത്തരം സന്ദർഭത്തിൽ അവതരണത്തിൽ പങ്കാളികളാകുന്നത്. മരണം പ്രവചനാതീതമായതിനാൽ അസ്വാഭാവിക പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്നതിനാൽ രസാനുഭവം വ്യത്യാസമുള്ളതാകുന്നു. കാരണം മരണം നടന്ന 'കുടി'[2]യിലെ കലാകാരന്മാരാണ് കൂത്ത് നടത്തുക. പ്രാകൃതജനതയുടെ ജനനം മുതൽ മരണംവരെയുള്ള ജീവിതവീക്ഷണം ഇവിടെ പ്രകടമാകുന്നു.

മന്നാൻകൂത്ത് കാലാവൂട്ടുമായി ബന്ധപ്പെട്ടാണ് അരങ്ങേറുന്നത്. 'മകരമാസത്തിൽ വെളുത്തവാവ് നാളുകളിലാണ് മന്നാൻകൂത്ത് നടത്തുക. ഇതിന് 'കാലാവൂട്ട്' എന്നും പേരുണ്ട്.'[3] മന്നാൻകൂത്തിന് കാലാവൂട്ട് എന്ന അപരനാമം ഇല്ല. കാലാവൂട്ട് വിളവെടുപ്പിനുശേഷം (മകരമാസത്തിന്ശേഷം) നടക്കുന്ന ഉത്സവമാണ്. തങ്ങൾക്കുകിട്ടിയ സമൃദ്ധിയുടെ പങ്ക് സമുദായത്തിലെ എല്ലാവർക്കുമായി പങ്കിട്ടുനല്കുവാനുള്ള അവസരമായതിനാൽ രാജസന്നിധിയിൽ സമുദായക്കാർ ഒത്തുകൂടുന്നു. ഇത്തരം ഒത്തുചേരലിന്റെ ആഘോഷാവസ്ഥയിലാണ് കൂത്ത് അരങ്ങേറുന്നത്.

മന്നാൻസമുദായം അൻപത്തിരണ്ട് കുടികളിലായാണ് ജില്ലയിൽ അധിവസിക്കുന്നത്. എല്ലാ കുടികളിലും കൂത്ത് അരങ്ങേറും. അതാത് കുടികളുടെ വംശദേവതകൾക്ക് തങ്ങളുടെ സമൃദ്ധി അർച്ചിക്കുന്നതിനായാണ് ഇത്തരത്തിൽ കൂത്ത് ക്രമീകരിച്ചിട്ടുള്ളത്. 'കാണിക്കാരൻ'[4] ആണ് അതിന് നേതൃത്വം നല്കുന്നത്. തുടർന്ന് രാജാവും ഇളയരാജാവും 'കുടിയാനവൻമാരും'[5] ചേർന്ന് രാജസന്നിധിയിലെ ആഘോഷങ്ങൾക്കായുള്ള തീരുമാനമെടുക്കുന്നു. ആത്യന്തികമായി വിനോദാഘോഷ അവതരണം മാത്രമല്ല കൂത്ത്. കുലദേവതമാർ കനിഞ്ഞുനല്കിയ കാർഷിക സമൃദ്ധി സമർപ്പിക്കുകയും തുടർന്നുള്ള കാലത്തേക്ക് കൂടുതൽ സമൃദ്ധിക്കുവേണ്ടിയുള്ള പ്രാർത്ഥനയുമാണ്. പിതൃക്കൾക്കുവേണ്ടി പ്രത്യേകപൂജയും തുടർന്ന് രാജാവിന്റെ നേതൃത്വത്തിൽ പ്രജാക്ഷേമാന്വേഷണവും നടക്കുന്നു. ഉർവരതാനുഷ്ഠാനപരമായ ആവിഷ്കാരമെന്ന നിലയ്ക്ക്, കൂത്തിന്റെ ഉല്പത്തി, ചരിത്രം, ഇതിവൃത്തം, രംഗവിശേഷം, ഭാഷ, താളവാദ്യങ്ങൾ, കഥാപാത്രസന്നിവേശം എന്നിവ വ്യത്യസ്തത പുലർത്തുന്നു.

## മന്നാൻകൂത്ത്-ഉല്പത്തി

ഗോത്രസംസ്കൃതിയുടെ കലാസാംസ്കാരിക സമ്പ്രദായങ്ങൾ പരിശോധിച്ചാൽ വ്യക്തവും അവ്യക്തവുമായ ധാരാളം ഐതിഹ്യപുരാവൃത്തതലങ്ങൾ കാണാം. ദേശകാലസംബന്ധിയായ അവ മനുഷ്യന്റെ ആന്തരികചോദനയുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഒരു ജനതയുടെ ആന്തരിക വീക്ഷണത്തെ ഉറപ്പിച്ചുനിർത്തുന്നതിനും തങ്ങളുടെ പൈതൃകയാഥാർത്ഥ്യങ്ങളെ കാത്തുസൂക്ഷിക്കുന്നതിനും ആചാരാനുഷ്ഠാനങ്ങളിലെന്നതുപോലെ കലാവിഷ്കാരങ്ങൾക്കും ഉല്പത്തിപുരാവൃത്തങ്ങൾ സൂക്ഷിക്കാറുണ്ട്. 'ആദിവാസി പുരാവൃത്തങ്ങളിൽ ഉല്പത്തി

പുരാവൃത്തങ്ങളാണ് കൂടുതൽ. ഭൂമിയും ചന്ദ്രനും സൂര്യനും വൃക്ഷലതാദികളും മനുഷ്യപക്ഷിമൃഗാദികളും ദേവതകളും ഉത്ഭവിച്ചതെങ്ങനെയെന്നതിനെക്കുറിച്ചുള്ള നിരവധി സങ്കല്പങ്ങൾ ഓരോ ആദിവാസിവർഗ്ഗവും സൂക്ഷിക്കുന്നുണ്ട്.[6] ഗോത്രജീവിതത്തിന്റെ ഓരോ ഘടകത്തിലും ഇത്തരം പുരാവൃത്തഗതികൾ കാണാം. ആദിവാസികലകളുടെ തനിമയെയും അപചയസാധ്യതകളിലേക്കു വിടാതെ കാത്തുസൂക്ഷിക്കുന്നതിൽ പുരാവൃത്തങ്ങൾക്ക് കൃത്യമായ പങ്കുണ്ട്.

'മന്നാൻകൂത്തിന്റെ ഉല്പത്തിയെ സംബന്ധിച്ചിടത്തോളം സമുദായത്തിലെ രണ്ടു കാരണവന്മാരെയാണ് കരുതിപ്പോരുന്നത്. പഞ്ചൻ പൂലാനും പെരിയാനങ്കനും. സഹോദരങ്ങളായ ഇവരിൽ മൂത്തയാൾ പഞ്ചാൻപൂലാനാണ്. 'പൂലപ്പൽ പൂലാൻ' എന്ന മന്നാൻ സമുദായ നേതാവിന്റെ പുത്രന്മാരാണിവർ. വിദ്യാഭ്യാസത്തിനായി വടക്കുദേശത്ത് (ഇപ്പോഴുള്ള തമിഴ്നാട് പ്രദേശം). 'വാള്വാക്കോത', 'വാള്വാച്ചക്കി' എന്നീ സഹോദരിമാരുടെ പക്കലേക്ക് പിതാവയച്ചു. ധാരാളം പരീക്ഷണങ്ങൾക്കുശേഷം മാത്രമേ സഹോദരിമാർ ശിഷ്യരെ തിരഞ്ഞെടുത്തിരുന്നുള്ളൂ. അർഹതയുള്ളവർക്കു മാത്രം അഭ്യസിക്കാനുള്ളതാണ് വിദ്യയെന്ന സങ്കല്പം ഇവിടെ പ്രസക്തമാകുന്നുണ്ട്.

'വാള്വാച്ചക്കി' കുട്ടി, യുവതി, വൃദ്ധയായ സ്ത്രീ എന്നിങ്ങനെ പ്രച്ഛന്നയായി അവതരിച്ച് സഹോദരങ്ങളുടെ മനശ്ചാഞ്ചല്യം അളക്കുന്നു. 'വാള്വാക്കോത' പിന്നീട് ആന, കരടി, പുലി, ഭീമകാരനായ പാമ്പ് എന്നീ ക്ഷുദ്രജീവികളായി വന്ന് ധൈര്യത്തെയും ആത്മബലത്തെയും അളക്കുന്നു. പരീക്ഷണങ്ങൾ മുഴുവൻ വിജയിച്ച സഹോദരങ്ങളെ ശിഷ്യരായി ഏറ്റെടുക്കുന്നു. രണ്ടാൾക്കും വിദ്യ നല്കില്ലയെന്ന തീരുമാനം വാള്വാച്ചക്കിയുടെ ഭാഗത്തുനിന്നും ഉണ്ടായി. കൂട്ടത്തിൽ മൂത്തയാൾക്ക് എന്ന നിഗമനത്തിൽ എത്തിച്ചേർന്ന അവർ 'പഞ്ചൻ പൂലാനെ' തിരഞ്ഞെടുത്തു. പഞ്ചൻ പൂലാന് വിദ്യ പറഞ്ഞുകൊടുക്കുന്ന സമയം പെരിയാനങ്കൻ മറഞ്ഞിരുന്നു വിദ്യ കേട്ടഭ്യസിക്കുകയും ചെയ്തു. വിദ്യാഭ്യാസത്തിന്റെ ആദ്യഘട്ട പരീക്ഷണങ്ങൾ ആരംഭിക്കുകയായി. കാട്ടിൽ നില്ക്കുന്ന ഒരു മരം ദൃഷ്ടികൊണ്ട് ഉണക്കുവാൻ വാള്വാക്കോതയും വാള്വച്ചക്കിയും ആവശ്യപ്പെട്ടു. എന്നാൽ 'പഞ്ചൻ പൂലന്റെ' നോട്ടംകൊണ്ട് വൻമരം വാടിനില്ക്കുക മാത്രമാണുണ്ടായത്. ഇതേസമയം പെരിയാനങ്കൻ തന്റെ ദൃഷ്ടിപായിച്ച് മരം ഉണക്കുന്നു. തങ്ങളുടെ ശിഷ്യരുടെ വിദ്യാലബ്ധിയിൽ സന്തുഷ്ടരായ വാള്വാക്കോതയും വാള്വച്ചക്കിയും പോയ് 'പുതു പടൈപ്പ് ബെയ്' എന്നനുഗ്രഹിച്ച് ശിഷ്യരെ യാത്രയാക്കി. ഘോരവനാന്തരത്തിലൂടെയുള്ള യാത്ര സഹോദരങ്ങളെ പുതുചിന്തയിലേക്ക് നയിച്ചു. കാടിന്റെ താളത്തിനും പ്രപഞ്ചബോധത്തിനും അനുസരിച്ച് താളങ്ങൾ പഠിക്കുകയും തിരികെ കുടിയിലെത്തിയ അവർ നൃത്തതാളങ്ങൾ നല്കി കൂത്ത് ചിട്ടപ്പെടുത്തി.'[7] മന്നാൻകൂത്തിന്റെ ആരംഭത്തിലെ 'രണ്ടാം'പാട്ടിൽ (ഗുരുസ്തുതി) പഞ്ചാൻ പൂലാൻ, പെരിയാനങ്കൻ എന്നിവരെ പരാമർശിച്ചിട്ടുണ്ട്.

നമ്മളാരാരേ പേരെ ചൊല്ലി ആടുവേനേ?
പഞ്ചൻപൂലാൻ പെരിയാനങ്കൻ
പേരേ ചൊല്ലി ആടുവേനേ
നല്ലത്തട്ടത്തട്ടി വരുവൻ പഞ്ചൻ പൂലാൻ
ആടിപ്പാടി വുരവാ പെരിയാനങ്കാ
നമ്മളാരാരേ പേരെ ചൊല്ലി ആടുവേനേ?
പൂലപ്പൻ പൂലാൻ പേരെ ചൊല്ലി ആടുവേനെ

'ഇവർ വിദ്യ അഭ്യസിക്കുന്നത് വാള്വാക്കോതാ വാള്വാച്ചക്കി എന്നീ സഹോദരിമാരുടെ പക്കൽനിന്നാണെന്ന വസ്തുത ശ്രദ്ധേയമാണ്; വിദ്യാധികാരികളായി സ്ത്രീകൾ പ്രത്യക്ഷപ്പെടുന്ന തികച്ചും അപൂർവ്വമായ പ്രകരണം.'[8] കൂത്തരങ്ങളിൽ

സ്ത്രീസാന്നിധ്യം ഇല്ലാത്തതിനാലാവാം വിദ്യാധികാരികളായി രണ്ട് സ്ത്രീകളെ അവതരിപ്പിച്ചിരിക്കുന്നത്. അല്ലായെങ്കിൽ പ്രാക്തന ജനതയുടെ അമ്മദൈവസങ്കല്പങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞതാവാം. മന്നാൻസമുദായത്തിന്റെ കുലദൈവങ്ങളായ മധുരമീനാക്ഷിയമ്മാന്റെ അവതാരങ്ങളായി വാള്വാക്കച്ചി. വാള്വാക്കോത എന്നീ ഗുരുക്കന്മാരെ സമുദായത്തിലെ ഒരുവിഭാഗം കരുതിപ്പോരുന്നുണ്ട്. ഈ പരാമർശത്തിന് സാധുത കല്പിക്കത്തക്കവിധം യാതൊരു പരാമർശവും കൂത്തുപാട്ടുകളിൽനിന്നും ലഭ്യമല്ല. സമസ്തവും ദൈവികമായി കാണുന്ന ജനത ഇത്തരം പരാമർശം നടത്തുന്നതിൽ അത്ഭുതമില്ല.

പുരാണത്തിലെ ഏകലവ്യനെ അനുസ്മരിപ്പിക്കുന്ന കഥാപാത്രമാണ് 'പെരിയാനങ്കൻ'. ഒരാൾക്ക് വിദ്യപറഞ്ഞുകൊടുക്കുന്നതുകൊണ്ടാണ് മറ്റേയാൾ പഠിക്കുന്നത്. നീതി നിഷേധത്തിന്റെ പൊരുൾ പ്രത്യക്ഷത്തിൽ പ്രകടമാകുന്നുണ്ടെങ്കിലും പരോക്ഷമായി അറിവിന് മറയില്ല എന്ന പ്രാപഞ്ചിക ബോധധാര വർത്തിക്കുന്നതായി കാണാം. യുക്തിസഹമായ പാരമ്പര്യകഥകളെ നിർമ്മിച്ചെടുക്കാനുള്ള ഗോത്രജനതയുടെ പ്രാഗത്ഭ്യം മന്നാൻകൂത്തിന്റെ ഉല്പത്തിക്കഥയിൽ പ്രകടമാണ്.

### മന്നാൻകൂത്ത്; വേദി

കലാരൂപങ്ങൾ പ്രദർശിപ്പിക്കുന്നതിന് ഒരു വേദിയുണ്ടാകണം. മന്നാൻകൂത്തിന്റെ വേദി നാടോടി കലാവതരണബന്ധിതമാണ്. കുടിയിലെ 'കാണിക്കാര'ന്റെ വീടിനോട് ചേർന്ന വിസ്താരമായ സ്ഥലമാണ് പൊതുയോഗത്തിന്റെയും കൂത്തവതരണത്തിന്റെയും വേദി. തുറന്നവേദിയിലാണ് കൂത്ത് അരങ്ങേറുന്നത്. കൂത്ത് നടത്താനിരിക്കുന്ന ദിവസവും സമയവും കാണിക്കാരൻ, പത്തുളന്താരി ചട്ടസഭ[9], രാജാവ്, ഇളയരാജാവ് എന്നിവർ ചേർന്ന് നിശ്ചയിക്കുന്നു. കൂത്തിന്റെ വേദിയൊരുക്കാനായി തലേദിവസം 'പൊതുപ്പണി' വച്ച് പരിസരവും വേദിയും വൃത്തിയാക്കുന്നു. മണ്ണിട്ടു നികത്തി ചാണകവെള്ളം തളിച്ച് വേദി ശുദ്ധീകരിക്കുന്നു. കൂത്തു കഴിയുന്നതുവരെ അശുദ്ധമായ ഒന്നുംതന്നെ വേദിയിൽ പ്രദർശിപ്പിക്കുവാനോ, ചെയ്യുവാനോ പാടില്ല. കാലാവൂട്ട്, കൂത്ത് എന്നിവയ്ക്കായി കുലദൈവങ്ങളെയും പിതൃക്കളെയും ആവാഹിച്ചിരുത്തിയിരിക്കുന്നതും ഈ വേദിയിലാണ്. അതിനാൽ അനാദരവ് ആരുംതന്നെ കാണിക്കുവാൻ പാടില്ല. ഓലമെടഞ്ഞ് മേൽക്കൂരകെട്ടി പന്തലൊരുക്കുന്നു. രാജാവിനും മറ്റു പ്രമുഖർക്കും ഇരിക്കുവാനായി ഈറ്റകൊണ്ട് പരമ്പ് നെയ്ത് പ്രത്യേകം ഇരിപ്പിടം ഒരുക്കുന്നു. കാലാനുസരണമായ മാറ്റത്തിൽ ഇപ്പോൾ കസേരകളാണ് ഉപയോഗിക്കുന്നത്. കൂത്തുവേദിയെ ദൈവികമായാണ് സമുദായം കാണുന്നത്. വേദി ഒരുക്കിയതിനുശേഷം മണ്ണ്പൂജ നടത്തി ദൈവികചൈതന്യം വരുത്തുന്നു. തങ്ങൾക്ക് സമൃദ്ധിതന്ന മണ്ണിനെ ബഹുമാനാദരവോടെ കാണുന്ന ജനതയുടെ സംസ്കാരപരിസരം കൂത്തുവേദിയിൽ തെളിഞ്ഞുകാണാം.

അധിനിവേശം നിമിത്തം ഗോത്രത്തനിമകൾ മാറിമറിയുന്ന കാഴ്ച വേദിനിർമ്മാണത്തിലും കാണാം. പരമ്പരാഗതമാർഗ്ഗങ്ങൾ, ഉപകരണങ്ങൾ എന്നിവ തിരസ്കരിച്ച് പൊതുജനസമ്മതിയ മാർഗ്ഗങ്ങൾ ഇക്കാലത്ത് അവലംബിക്കുന്നു. ഓലയ്ക്കു പകരം പ്ലാസ്റ്റിക് പടുതയും, ഈറ്റപരമ്പിന് പകരം പ്ലാസ്റ്റിക് പായയും ഉപയോഗിക്കുന്നു. രാജസന്നിധിയിലെ പ്രധാന കൂത്തിൽപോലും ഇത്തരം മാറ്റങ്ങൾ പ്രകടമാണ്. ആധുനികജീവിതത്തിന്റെ പരിസരം കൂത്തുവേദിയെ അപ്പാടെ മാറ്റിക്കഴിഞ്ഞിരുന്നു. പ്രകാശത്തിനായി തീപന്തങ്ങൾ വേദിയിൽ സജ്ജീകരിച്ച കാലംമാറി. പല വർണ്ണങ്ങളുള്ള വൈദ്യുത അലങ്കാരങ്ങൾ ഉപയോഗിച്ചുവരുന്നു. കാലോചിതമായ പരിഷ്കാരങ്ങൾ എല്ലായിടത്തും പ്രകടമാണെങ്കിലും ഗോത്രത്തനിമയുടെ ഇത്തരം മാറ്റങ്ങൾ സാംസ്കാരികമായ മൂല്യത്തകർച്ചയെന്ന് വിലയിരുത്താം.

മന്നാൻകൂത്ത്: ഇതിവൃത്തം

തമിഴിലെ പഞ്ചമഹാകാവ്യങ്ങളിൽ ഒന്നായ ചിലപ്പതികാരം—കണ്ണകി കോവലൻ—കഥയാണ് കൂത്തിന്റെ ഇതിവൃത്തം. കഥാപാത്രങ്ങളിലെ സാമ്യതകൾ ഒഴിച്ചുനിർത്തിയാൽ ചിലപ്പതികാരവുമായി കൂത്ത് ഇതിവൃത്തത്തിന് മറ്റു സാമ്യതകളില്ല. നാടോടി സ്വരൂപത്തിന്റെ കെട്ടുറപ്പാണ് മന്നാൻകൂത്തിനുള്ളത്. ചൊല്ലുകളിലെ പാട്ടിലുമെല്ലാംതന്നെ നാടൻ വാങ്മയങ്ങളുടെ തനിമയാണ് വെളിപ്പെടുന്നത്. ചിലപ്പതികാരത്തിൽ കണ്ണകി -കോവിലൻ വിവാഹം മുതല്ക്കാണ് ആരംഭിക്കുന്നതെങ്കിൽ കൂത്തിൽ ദമ്പതികളുടെ ജനനം മുതല്ക്കുള്ള കഥയാണ് പരമാർശിച്ചിട്ടുള്ളത്. വായ്പൊത്തംചെട്ടി, മരണമാലി (കോവലന്റെ അച്ഛനും അമ്മയും) എന്നിവരുടെ വിവാഹം മുതല്ക്കുള്ള സംഭവങ്ങൾ വിവരിക്കുന്നു.

'ചെല്ലപ്പട്ടണം ചീരങ്കപ്പട്ടണം
കാത്തുതി കാതങ്കപ്പട്ടമെൽട്രേ...
എ... പേർ മൂത്ത രാശിപൊൻ വരണമാലക്കും
മന്നൻ വായ്പാത്തം ചെട്ടിക്കും കച്ചിക്കല്യാണം
ചെയ്തു വാഴ്ത്തുമേയിറ്ന്താ...'

കൂത്തിന്റെ മൂന്നാമത് ചൊല്ലിൽ ആരംഭിക്കുന്ന ഈ പരാമർശം കൂത്തിന്റെ ആദ്യമദ്ധ്യാന്തപൊരുത്തം വെളിവാക്കുന്നുണ്ട്. തുടർന്നാണ് കഥയുടെ ഇതിവൃത്തത്തിലേക്ക് പ്രവേശിക്കുന്നത്. കണ്ണകിയ്ക്ക് 'കന്നകി' എന്നും കോവിലന് 'കോവലൻ' എന്നുമാണ് കൂത്തിൽ പ്രയോഗിച്ചുകാണുന്നത്.

കാവേരിപ്പൂംപട്ടണത്തിലെ സമ്പന്നവണിക്ക് വായ്പാത്തംചെട്ടിക്കും ഭാര്യയ്ക്കും കാലങ്ങളായി സന്താനലബ്ധിയില്ല. സങ്കടവതിയായ വരണമാല ശിവനെ തപസ്സനുഷ്ഠിക്കുന്നു. തപസ്സിൽ തൃപ്തനായ ശിവപെരുമാൾ ഒരു നാരങ്ങ നല്കി വിഴുങ്ങുവാൻ ആവശ്യപ്പെടുന്നു. നാരങ്ങ ഭക്ഷിച്ച വരണമാല ഗർഭം ധരിക്കുകയും തുടർന്ന് പുത്രൻ ജനിക്കുകയും ചെയ്യുന്നു. ആ പുത്രനാണ് കോവലൻ.

'പാവിമുണ്ടവരണമാല പുള്ളയെ പെത്തെടുത്ത്
പാർക്കുമ്പോതുതാനേ...
ഇന്തിരചന്തിരകോടി ചൂര്യനെപ്പോലൊരളവിൽ
പിള്ള പിറന്തുമേ വിട്ടാൻ...
പിറന്തതോർ പിള്ളക്ക് ചിന്തമുള്ള
തുലങ്കിയ കോവിലപ്പെരുമാളെൻട്രു
പേരുകുറിമേ വിട്ടാൽ...'

ഇന്ദ്രനും ചന്ദ്രനും സൂര്യനെപ്പോലെ ഒരളവിൽ സുന്ദരനായ ഒരു കുട്ടിയാണ് കോവലൻ.

വരണമാലയ്ക്ക് കുഞ്ഞുപിറന്നത് കൊടിയ ദോഷം ചെയ്തിട്ടാണ് എന്ന് പാണ്ഡ്യരാജാവ് ധരിക്കുന്നു. മുൻപ് ശിവപാർവതിമാർക്ക് അനിഷ്ടമായ ഭക്ഷണം നല്കിയ വരണമാലയെ ശപിച്ചിരുന്നു. ഈ സംഭവം പാണ്ഡ്യമന്നന്റെ മനസ്സിലുണ്ടായിരുന്നു. ഏഴുകന്നാൻമാരുടെ തലവെട്ടി ശിവപ്രീതി നേടാൻ നിശ്ചയിച്ച രാജാവ് തന്റെ ഭൃത്യന്മാരെ അയയ്ക്കുന്നു. ജീവനെ ഭയന്ന് എഴുകന്നാൻമാർ അടുത്തുള്ള ഭദ്രകാളികോവിലിൽ ഒളിച്ചിരിക്കുന്നു. വിശപ്പും ദാഹവും മൂർച്ഛിച്ച കന്നാൻമാർ കാളിക്കുവച്ച കുരുതി ഭക്ഷിക്കുകയും കോപിഷ്ഠയായ കാളി പാണ്ഡ്യരാജാവിന്റെ വേളി കോവിലിങ്കിയുടെ വയറ്റിൽപിറന്ന് മന്നന്റെ കുടലുകുത്തി മാലയായി ധരിക്കുമെന്ന് ശപഥം ചെയ്യുന്നു. അങ്ങനെ കോലവങ്കിയിൽ ഉണ്ടായ കഴുത്തിൽ പൂമാലയോടും കാലിൽ മണിച്ചിലമ്പോടും പിറന്ന പെൺകുഞ്ഞാണ് കണ്ണകി.

'വായ്‌വിട്ടളുതാൻ വടമതിര വെന്തുമിടുമെൻട്രോ...

തേമ്പിയളുതാൻ തെൻ മതിര വെന്തുവിട്ടുമെൻട്രോ
മതുരൈ കാക്കാത് പുള്ളയെൻട് തങ്കത്തുനാലെ
പോളപ്പെട്ടിയിൽ കൊണ്ടുവന്നിവിട്ടേൻ... പോട്ടടച്ച്
എണ്ണണ്ണേക്കും തണ്ണിയില്ലാതെവയയാറ്റിലും തന്നെ
മണർ തോൺടി. മണൽ പുതച്ച് ചാതകം എന്നടേ ടാമായി കേളോ'-

കണിയാൻമാരെ വിളിച്ച് പാണ്ഡ്യരാജാവ് പ്രശ്നം വയ്പിക്കുന്നു. കണിയാന്മാരുടെ വാക്കുകൾ രാജ്യത്തേയും തന്നെയും ബാധിക്കും. കുഞ്ഞ് ജീവിച്ചിരുന്നാൽ മധുരരാജ്യം അഗ്നിക്കിരയായി രാജാവിന് ക്രൂരമൃത്യു ഉണ്ടാകും. ആയതിനാൽ വൈഗ ആറ്റിൽ ജലമില്ലാത്ത സമയം നോക്കി കുഞ്ഞിനെ പെട്ടിയിലാക്കി കുഴിച്ചുമൂടുവാൻ കണിയാന്മാർ നിർദ്ദേശിക്കുന്നു. കുഞ്ഞിനെ കുഴിച്ചുമൂടിയശേഷം വൈഗയാർ കരകവിഞ്ഞൊഴുകത്തക്ക മഴപെയ്തു. പെട്ടി മണൽപരപ്പിന് വെളിയിലാക്കുകയും ഒഴുകി സമുദ്രത്തിൽചെന്ന് അതിലെ യാത്രചെയ്തു വായ്പത്താംചെട്ടിയുടെ കൈകളിലെത്തുന്നു. പെട്ടിതുറന്ന് പെൺകുഞ്ഞിനെ വീട്ടിലേക്കുകൊണ്ടുപോയി. 'കോവല'നൊത്ത് വളർത്തുന്നു. വായ്പൊത്താംചെട്ടിയാണ് 'കണ്ണകി'യെന്ന് നാമകരണം ചെയ്തത്. കണ്ണകിയും കോവലനും വളർന്നു. തമ്മിൽ ഇഷ്ടക്കാരായ അവരെ വായ്പപൊത്താംചെട്ടി വിവാഹത്തിനു സമ്മതിക്കുന്നു. മംഗളപൂർവ്വം വിവാഹം കഴിഞ്ഞ്, ഉടൻതന്നെ കോവലൻ മാതകിയുടെ കൂത്ത് കാണാൻ പുറപ്പെടുന്നു. മധുരയിലെത്തിയ കോവലനെ മാലയെറിഞ്ഞ് വശത്താക്കിയ മാതകി സാവകാശം കോവലന്റെ സ്വത്തുക്കൾ കൈക്കലാക്കി. ക്രൂരമായ പീഡനമനുഭവിച്ച് വസ്ത്രംപോലുമില്ലാതെ കോവലനെ മാതകി ഉപേക്ഷിക്കുന്നു. എല്ലാം നഷ്ടപ്പെട്ട കോവലൻ മാതകിയുടെ വാഴത്തോട്ടത്തിൽനിന്ന് നാണം മറയ്ക്കാൻ ഇല ചീന്തിയെടുത്ത് കണ്ണകിയുടെ പക്കലേയ്ക്ക് യാത്രതിരിച്ചു.

അർദ്ധനഗ്നനായി അത്തിമരമുകളിലിരിക്കുന്ന കോവലനെ തോഴിമാർ തിരിച്ചറിഞ്ഞ് അണിയാൻ വസ്ത്രങ്ങൾ നല്കി. വിശന്നുവലഞ്ഞ കോവലൻ ഭക്ഷണം ആവശ്യപ്പെട്ടു. കണ്ണകി അത് നല്കുന്നു. വിശപ്പുശമിച്ചശേഷം എല്ലാം പറയാം എന്ന വാക്കും കൊടുക്കുന്നു. ഭർത്താവുപോയശേഷം ഊണുറക്കമുപേക്ഷിച്ച കണ്ണകി സമൃദ്ധമായ സദ്യയുണ്ടാക്കി വിളമ്പി ഭർത്താവിനെ തൃപ്തിയാക്കാൻ ശ്രമിച്ചു. കഴിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ കാര്യങ്ങൾ ചോദിച്ച് മാതകിക്ക് കൊടുക്കാനുള്ള അഞ്ച് പൊൻപണം കടം അയാൾ പറഞ്ഞു. ആയതിനാൽ കടം വീട്ടാതെ ഭക്ഷണം കഴിക്കില്ല എന്ന് പ്രതിജ്ഞചെയ്യുന്നു. തുടർന്ന് കണ്ണകിയുടെ മണിച്ചിലമ്പ് കടംവീട്ടുവാൻ ആവശ്യപ്പെടുന്നു. ഭർത്താവിന്റെ അഭിലാഷമറിഞ്ഞ കണ്ണകി കോവലനൊത്ത് ചിലമ്പ് വില്ക്കാനായി മധുരയിലെത്തുന്നു. പലയിടങ്ങളിലും ചിലമ്പുവില്ക്കുവാൻ ശ്രമം നടത്തിയ അവർ ക്ഷീണിതരാകുന്നു. മോരു വില്ക്കുന്ന ചിറ്റടിച്ചിയെകണ്ട് അവരുടെ കുടിലിൽ ഇരുവരും താമസിക്കുന്നു. കണ്ണകിയെ ചിറ്റടിച്ചിയുടെ സംരക്ഷണത്തിലാക്കി കോവലൻ ചിലമ്പ് വില്ക്കുവാനുള്ള ശ്രമത്തിലേർപ്പെടുന്നു. പല തരത്തിലുള്ള ദുഃശകുനങ്ങൾ കണ്ടായിരുന്നു അയാളുടെ യാത്ര. പട്ടണത്തിലെത്തിയ കോവലൻ പറച്ചിയുടം, പേതയമ്മാൾ, ചിത്തിരക്കുറിത്തിയും തെന്മധുരയ്ക്ക് പോകരുതെന്ന് വിലക്കി. എല്ലാ വാക്കുകളും ധിക്കരിച്ച അയാൾ തട്ടാന്റെയടുത്ത് എത്തി. കാര്യങ്ങൾ മനസ്സിലാക്കിയ തട്ടാൻ ചിലമ്പിന്റെ വിവരങ്ങൾ തിരക്കുന്നു. ചിലമ്പ് പരിശോധിച്ച അയാൾ പാണ്ഡ്യറാണിയുടെതാണെന്ന് തിരിച്ചറിയുന്നു. സൂത്രത്തിൽ കോവലനെ പാണ്ഡ്യരാജന്റെ മുന്നിൽ വിചാരണയ്ക്ക് നിർത്തി. ചിലമ്പ് കോവിലന്റേതാണ് എന്ന് രാജാവ് ഉത്തരവിടുന്നു. പക്ഷേ, തട്ടാൻ അതിനെ ഗൗനിക്കാതെ മുന്നോട്ടുപോയി. എല്ലാ പരീക്ഷണങ്ങളും കോവലന് അനുകൂലമായിരുന്നു. അവസാനം മദംപിടിച്ച ആനയുടെ മുൻപിൽ വച്ച് സത്യം പരീക്ഷിക്കുവാൻ തീരുമാനിക്കുന്നു. ഒരു കുഴിവെട്ടി ചുറ്റും വാഴവെച്ച് മദയാനയെ പ്രകോപിപ്പിച്ച് അയയ്ക്കുന്നു. ആന കോവിലനെ ശല്യം ചെയ്യാതെ വാഴക്കൂട്ടം

തകർത്ത് തുമ്പിക്കൈകൊണ്ട് എടുത്ത് പുറത്തിരുത്തുന്നു. തുടർന്ന് രാജധാനിയിലൂടെ ചുറ്റം നടക്കുന്നു. താനല്ലാതെ ആനപ്പുറത്ത് യാത്രചെയ്ത മറ്റൊരാളെ കണ്ട് അയാളെ വധിക്കുവാൻ രാജാവ് ഉത്തരവിട്ടു. ഭടൻമാർ ആനപ്പുറത്തുനിന്ന് കോവലനെ പിടിച്ചിറക്കി വധിക്കുവാൻ ശ്രമിച്ചു. ശ്രമം വിഫലമായി. തുടർന്ന് ശിവപെരുമാളെ ധ്യാനിച്ച് മനംനൊന്ത് തല രണ്ടായി പിളർന്ന് കോവലൻ മരിക്കുന്നു. മരണവാർത്ത അറിഞ്ഞ കണ്ണകി ഓടിയെത്തി തന്റെ ഭർത്താവിന്റെ തല പൊൻനൂല് കൊണ്ട് തന്നിച്ചേർത്ത് ജീവിപ്പിക്കുന്നു. ജീവൻ ലഭിച്ച കോവലൻ മാതകിയെത്തന്നെ നിനയ്ക്കുന്നുവെന്ന് കണ്ട കണ്ണകി നൂല് പൊട്ടിച്ചുവിടുന്നു. മാതകിക്ക് കോവലൻ മരണപ്പെട്ട വിവരം കണ്ണകി പറഞ്ഞയയ്ക്കുന്നു. മാതകി എത്തിയ ഉടൻ കണ്ണകിയും ചേർന്ന് ചിതയുണ്ടാക്കി കോവലനെ കിടത്തി. അഗ്നി പകർന്നു. പക്ഷേ, ചിതയിലെ ദേഹം കത്തിയില്ല. തുടർന്ന് കാല്ക്കൽ കനകിയും തലയ്ക്കൽ മാതകിയും നിന്നു. ചിത കത്തി. മനോവിഷമം കാരണം മാതകി ആ ചിതയിൽ ചാടി ജീവനൊടുക്കി. കണ്ണകി രണ്ടാളുടെയും ചിതാഭസ്മമെടുത്ത് കാവേരിയാറ്റിൽ ഒഴുക്കി. പെട്ടെന്ന് ചിതാഭസ്മം രണ്ട് താമരപ്പൂവായി വിരിഞ്ഞ് ജലത്തിലൂടെ നീങ്ങി. ദേഹശുദ്ധി വരുത്തിയ കണ്ണകി പുതിയ വസ്ത്രങ്ങൾ ധരിച്ച് പാണ്ഡ്യരാജാവിന് അടുത്തെത്തുന്നു. ഭർത്താവ് മരിക്കുവാനുണ്ടായ കാര്യങ്ങൾ ആരോപിച്ച് തർക്കത്തിലേർപ്പെട്ടു. തുടർന്ന് തന്റെ ചിലമ്പ് ആവശ്യപ്പെട്ട കണ്ണകി കോവലങ്കിയുടെ ചിലമ്പ് കൊണ്ടുവരുവാൻ ആജ്ഞാപിക്കുന്നു. ഗരുഡൻ ആ ചിലമ്പ് കൊണ്ടുവരികയും തന്റെ ചിലമ്പ് മധുരമീനാക്ഷിയമ്മനെ പ്രാർത്ഥിച്ച് ലഭിക്കുകയും ചെയ്യുന്നു. ചിലമ്പ് പ്രത്യക്ഷപ്പെട്ട കണ്ണകി കൂടുതൽ ദേഷ്യമുള്ളവളായി തീരുന്നു. നീതിപൂർവ്വമല്ലാത്ത പ്രവർത്തിയായതിനാൽ ശൂലമെടുത്ത് തട്ടാനെയും കിങ്കരന്മാരെയും വധിച്ചു. തുടർന്ന് പാണ്ഡ്യമന്നന്റെ വയർ കുത്തിപ്പിളർന്ന് കുടൽമാലയായി അണിഞ്ഞു. ആകാശത്തിലേക്ക് ഉയർന്നുപൊങ്ങിയ കണ്ണകി, വലതു മുലപറിച്ചെട്ടുത്തു. മുലയിൽനിന്നു വീണ പാൽകൊണ്ട് തീയുണ്ടാകുകയും മധുരസാമ്രാജ്യമാകെ അഗ്നിക്കിരയാകുകയും ചെയ്തു. ഇതാണ് കൂത്തിന്നാധാരമായ ഇതിവൃത്തം.[10]

വാമൊഴി വരമൊഴി ആഖ്യാനങ്ങൾ തമ്മിൽ വ്യത്യാസമുണ്ട്. ചിലപ്പതികാരകഥയെ ആസ്പദമാക്കിയാണ് മന്നാൻകൂത്ത് ചിട്ടപ്പെടുത്തിയിരിക്കുന്നത് എന്നതിൽ വാസ്തവമില്ല. ദ്രാവിഡതമിഴകത്ത് പ്രചരിച്ചുപോന്നിരുനന്ന മിത്താകാം കണ്ണകി-കോവില കഥ. പുരാവൃത്തങ്ങളെ യാഥാർത്ഥ്യമായി പരിഗണിക്കുക യുക്തിഭദ്രമല്ല. ചരിത്രപരമായി ഒൻപതാംനൂറ്റാണ്ടിൽ ജൈനമതപ്രചരണത്തിന് ചിട്ടപ്പെടുത്തിയ കാവ്യമാണ് ചിലപ്പതികാരം എന്ന് എം.ജി.എസ്. നാരായണൻ അഭിപ്രായപ്പെട്ടിട്ടുണ്ട്.[11] അതിനാൽ തമിഴകത്ത് പ്രചരിച്ചുപോന്നിരുന്ന മിത്തായി കൂത്തിന്നാധാരമായ കഥയെ കണക്കാക്കാം.

കുറിപ്പുകൾ

1 ഗോത്ര താളത്തിന്റെ ഹൃദയത്തുടിപ്പുകൾ - കൂത്തുപാട്ടുകൾ - ഡോ. എ.കെ. നമ്പ്യാർ - പുറം 30
2 കുടി - മന്നാൻമാർ കൂട്ടമായി അധിവസിക്കുന്ന സ്ഥലം
3 കേരളത്തിലെ ആദിവാസി കലാപാരമ്പര്യം - ഡോ. (സിസ്റ്റർ) സീലിയ തോമസ് പി. - പുറം - 29
4 കാണിക്കാരൻ - കുടിയിലെ അധികാരി
5 കുടിയാനവന്മാർ - മന്നാൻ സമുദായത്തിലെ മന്ത്രിസഭ.
6 ആദിവാസി പുരാവൃത്തം - ഡോ. കുമാരൻ വയലേരി - പുറം 42.
7 ആവേദകൻ - സൂര്യൻ പത്മനാഭൻ കാണി, മണിയാറൻ കുടി.

8 പൊലിക - ഡോ. ജി. ശ്രീജിത്ത്, മന്നാൻകൂത്ത് ചരിത്രം - സൗന്ദര്യം - രാഷ്ട്രീയം - പുറം 75.

9 മന്നാൻ സമുദായത്തിലെ മന്ത്രിസഭ.

10 ആവേദകൻ, തേവൻ രങ്കസാമി

11 ചിലപ്പതികാരം ഒരു കേരളീയ ജൈനഭിക്ഷുവിന്റെ മഹാകാവ്യം (9-ാം നൂറ്റാണ്ട്), നാരായണൻ എം.ജി.എസ്. പുറം 5-14